## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*298 — 11/12/2018- ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകർക്കായുള്ള ആശ്വാസനടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. കെ. മുരളീധരൻ | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ റബ്ബർ കർഷകരെ ദുരിതത്തിലാഴ്ത്തുന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | സംസ്ഥാനത്തെ റബ്ബർ കർഷകരെ വിലയിടിവ് ഉൾപ്പെടെയുള്ള ദുരിതത്തിൽ നിന്നും രക്ഷിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കണം എന്നാവശ്യപ്പെട്ട് 2018 ഫെബ്രുവരി മാസം 22-ാം തീയതി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര വാണിജ്യകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പ്രശ്ന പരിഹാരം നിർദ്ദേശിക്കുവാനുമായി "ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റബ്ബർ മേഖലയുടെ സംരക്ഷണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. സ്വാഭാവിക റബ്ബറിനെ കേന്ദ്ര സഹായത്തോടെ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പാക്കുക, ഇറക്കുമതി നിയന്ത്രണം തുടരുക, റബ്ബറിനെ ഒരു കാർഷിക ഉൽപ്പന്നമായി പരിഗണിക്കുക, അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പുനഃക്രമീകരിക്കുക എന്നിവ ഉൾപ്പെടെയുള്ള വയിൽ കർഷകർക്ക് പ്രയോജന പ്രദമായി തീരാവുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ |
| (ബി) റബ്ബറിന്റെ അനിയന്ത്രിത ഇറക്കുമതിയും വിലയിടിവും കാരണം ബുദ്ധിമുട്ടിലായ റബ്ബർ കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |

സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പും, റബ്ബർ ബോർഡും സംയുക്ത മായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും, റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന പദ്ധതിയിൽ ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും.

റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷി ഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകികൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും, റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി

| | |
|---|---|
| | വരുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 286.17 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 811.87 കോടി രൂപ ഈ പദ്ധതിയ്ക്ക് കീഴിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബറിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കേരളത്തിലെ റബ്ബർ കർഷകരെ തളർത്താനുള്ള കേന്ദ്ര സർക്കാർ നീക്കം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർ കൃഷി വ്യാപിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ റബ്ബർ കൃഷിയെ തളർത്തുവാൻ നീക്കം ഉള്ളതായി അറിവില്ല. |

**സെക്ഷൻ ഓഫീസർ**